REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി ആത്മനിർഭർ നിധിയും, പി എം സ്വനിധിയും രാജ്യത്തെ അൻപതു ലക്ഷത്തിലധികം വഴിയോര കച്ചവടക്കാർക്ക് സഹായകമായതായി കേന്ദ്രം.
- ആരോഗ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട നിയമനത്തട്ടിപ്പ് ആരോപണക്കേസിൽ ഒരാൾ അറസ്റ്റിൽ.
- കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം നഷ്ടമാകില്ലെന്ന് മന്ത്രി V.N വാസവൻ.
- അടുത്ത അധ്യയന വർഷം മുതൽ കോളേജുകളിലെ പഠന രീതിയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു.
- കനത്തമഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.
- ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മെഡൽ വേട്ട തുടരുന്നു. പുരുഷന്മാരുടെ 800 മീറ്റർ ഓട്ടത്തിൽ മലയാളി താരം മുഹമ്മദ് അഫ്സലിന് വെള്ളി.

## വാർത്തകൾ വിശദമായി

**വഴിയോര കച്ചവടക്കാർക്കായി തയ്യാറാക്കിയ പ്രധാനമന്ത്രി ആത്മനിർഭർ നിധി, പി എം സ്വനിധി എന്നിവ രാജ്യത്തെ അൻപതു ലക്ഷത്തിലധികം കച്ചവടക്കാർക്ക്**

സഹായകമായതായി കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. നഗരങ്ങളിലെ അനൗപചാരിക സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ തെരുവ് കച്ചവടക്കാർ ഏറെക്കാലമായി അവിഭാജ്യ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര ഭവന നഗര കാര്യ മന്ത്രാലയം അറിയിച്ചു. ഔപചാരിക സമ്പദ് വ്യവസ്ഥയിലേക്ക് തെരുവ് കച്ചവടക്കാരെ കൊണ്ടുവരുന്നതിനും അവരെ പുരോഗതിയിലേക്ക് നയിക്കുന്നതും പദ്ധതി നിർണ്ണായക പങ്കാണ് വഹിക്കുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി.

2020 ജൂൺ ഒന്നിന് ആരംഭിച്ച PM സ്വനിധി പദ്ധതി പ്രകാരം നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്ക് 50,000 രൂപ വരെയാണ് പ്രവർത്തന മൂലധന വായ്പയായി നൽകുന്നത്.

✪✪✪

രാജ്യവ്യാപകമായി ഞായറാഴ്ച നടന്ന ശുചീകരണ യജ്ഞമായ ഏക് താരിഖ് ഏക് ഖണ്ഡ, ഏക് സാത് പദ്ധതിയുടെ ഭാഗമായ ക്ളീൻ ഡ്രൈവിൽ ഒൻപത് ലക്ഷം സ്ഥലങ്ങളിൽ എട്ടു കോടി എഴുപത്തിയഞ്ച് ലക്ഷം ആളുകൾ പങ്കെടുത്തതായി കേന്ദ്ര ഭവന-നഗര കാര്യ മന്ത്രാലയം അറിയിച്ചു. ആളുകളുടെ കൂട്ടായ പ്രവർത്തനമാണ് എല്ലാ സ്ഥലങ്ങളിലും ദൃശ്യമായതെന്നും മന്ത്രാലയം വ്യക്തമാക്കി.

തെരുവുകൾ,ഹൈവേകൾ,ടോൾപ്ലാസകൾ, റെയിൽവേ ട്രാക്കുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, അങ്കണവാടികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ,കോളനികൾ,ജലാശയങ്ങൾ,

ആരാധനാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ശുചീകരണ യജ്ഞം നടത്തിയത്.

✪✪✪

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം നാളെ കോഴിക്കോട് ചെറുവണ്ണൂരിൽ നടക്കും.

രാവിലെ പ്രമുഖ പദ്ധതികളും പരിപാടികളും വിലയിരുത്തും. വൈകീട്ട് പൊലീസ് ഓഫീസർമാരുടെ യോഗം ചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

വിവിധ വകുപ്പ് സെക്രട്ടറിമാർ, ഡയറക്ടർമാർ, നാല് ജില്ലകളിലെ കലക്ടർമാർ, ജില്ലാ തല ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ആരോഗ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട നിയമനത്തട്ടിപ്പ് ആരോപണക്കേസിൽ ഒരാളെ അറസ്റ്റ് ചെയ്തു. മലപ്പുറത്ത് ഹോമിയോ മെഡിക്കൽ ഓഫീസർ നിയമനത്തിന് പണം വാങ്ങി എന്ന പരാതിയിൽ കോഴിക്കോട് കൊയിലാണ്ടി ഏകരൂൽ സ്വദേശിയും അഭിഭാഷകനുമായ M.K റഹീസിനെയാണ് അറസ്റ്റ് ചെയ്തത്. മന്ത്രിയുടെ ഓഫീസിന്റെ പേര് പറഞ്ഞു തട്ടിപ്പ് നടത്തിയെന്ന് കരുതുന്ന അഖിൽ സജീവന്റെ സുഹൃത്താണിയാൾ. ആരോപണം ഉന്നയിച്ച ഹരിദാസിന്റെ സുഹൃത്ത് ബാസിതിനെയും

റഹീസിനെയും ഒരുമിച്ചിരുത്തി ചോദ്യം ചെയ്തതിന് ശേഷമായിരുന്നു അറസ്റ്റ്.

അഖിൽ സജീവിനെയും കോഴിക്കോട് സ്വദേശി ലെനിൻ രാജിനെയും പ്രതി ചേർത്ത് കന്റോൺമെന്റ് പൊലീസ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

✪✪✪

തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം നഷ്ടമാകില്ലെന്ന് മന്ത്രി V.N വാസവൻ വ്യക്തമാക്കി. ഉത്തരവാദികളായവരിൽ നിന്ന് എത്രയും വേഗം പണം തിരിച്ചു പിടിക്കാൻ നടപടികളുമായി മുന്നോട്ടു പോവുക യാണെന്നും മന്ത്രി പറഞ്ഞു. കരുവന്നൂർ ബാങ്കിലെ പ്രശ്ന പരിഹാരവുമായി ബന്ധപ്പെട്ട് കൊച്ചിയിൽ വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നേരത്തെ പ്രഖ്യാപിച്ച പാക്കേജ് പ്രകാരം 73 കോടിയോളം രൂപ തിരികെ നൽകിയതായി മന്ത്രി പറഞ്ഞു. വിവിധ മാർഗ്ഗങ്ങളിൽ ബാങ്കിന് ലഭിക്കേണ്ട തുകയും, കിട്ടാനുള്ള ഡെപ്പോസിറ്റുകളും മറ്റും ചേർത്ത് 50 കോടി രൂപ നിക്ഷേപകർക്ക് അടിയന്തരമായി ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

50,000 രൂപയിൽ താഴെ നിക്ഷേപമുള്ളവർക്ക് പണം പൂർണ്ണമായും, ഒരു ലക്ഷത്തിന് മുകളിൽ ഉള്ളവർക്ക് 50,000

രൂപയും ഉടൻ നൽകാൻ കഴിയും. കഴിഞ്ഞമാസം അവസാനം വരെ കാലാവധി പൂർത്തിയായ വലിയ നിക്ഷേപങ്ങളിൽ 50 ശതമാനം പലിശയും നിക്ഷേപത്തിന്റെ പത്തു ശതമാനവും നൽകും. ചികിത്സ, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് തടസ്സമുണ്ടാകാത്ത രീതിയിൽ കോടതിയുടെ സഹായത്തോടെ പണം നൽകുമെന്നും മന്ത്രി അറിയിച്ചു.

റിക്കവറി സെൽ ശക്തിപ്പെടുത്തുമെന്നും കേരള ബാങ്കിൻറെ ഒരു ഉദ്യോഗസ്ഥനെ കരുവന്നൂർ സഹകരണ ബാങ്കിൻറെ ചീഫ് എക്സിക്യൂട്ടീവ് ആയി നിയമിക്കുമെന്നും വാസവൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ കോളേജുകളിലെ പഠന രീതിയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സർഗവാസനകളെ കൂടുതൽ മെച്ചപ്പെടുത്തും വിധം വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യഭ്യാസ നയമാണ് സ്വീകരിക്കുകയെന്ന് അവർ അറിയിച്ചു.

ആലുവ സെന്റ് സേവ്യഴ്സ് കോളേജിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടത്തിന്റെയും നവീകരണപ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സാങ്കേതിക വിദ്യയുടെ വളർച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ആധുനിക കാലഘട്ടത്തിൽ പൊതുസമൂഹത്തിൽ സാമൂഹ്യ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണെന്നും, അതിനെ ഏറ്റവും കാര്യക്ഷമമായ ആശയ വിനിമയ ഉപാധിയായി മാറ്റണമെന്നും മന്ത്രി M.B രാജേഷ് അഭിപ്രായപ്പെട്ടു.

തദ്ദേശ ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനു സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകളുടെ ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യൂട്യൂബ്, എക്സ് പ്ലാറ്റ്ഫോമുകളിലാണ് അക്കൗണ്ട് ആരംഭിച്ചത്.

✪✪✪

കനത്തമഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രൊഫഷണൽ കോളേജുകളും കേന്ദ്രീയ വിദ്യാലയങ്ങളും ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

✪✪✪

തിരുവനന്തപുരം ജില്ലയിൽ ഇന്നും നാളെയും നടത്താനിരുന്ന PSC പരീക്ഷകൾ മാറ്റി. മറ്റു ജില്ലകളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

അസി. പ്രിസണർ ഓഫീസർ കായികക്ഷമതാ പരീക്ഷയാണ് മാറ്റിവച്ചത്.

✪✪✪

തിരുവനന്തപുരം ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾ കൂടി തുറന്നു. നേരത്തെ ചിറയിൻകീഴ് താലൂക്കിൽ ക്യാമ്പ് തുറന്നിരുന്നു. നാല് ക്യാമ്പുകളിലായി 80 പേരെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

കോട്ടയം ജില്ലയിൽ ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിലെ സ്കൂളുകൾക്കും ഇന്ന് അവധി നൽകി.

✪✪✪

തെന്മല പരപ്പാർ ഡാമിന്റെ മൂന്നു ഷട്ടറുകൾ 30 സെന്റിമീറ്റർ വരെ ഉയർത്തി അധിക ജലം കല്ലടയാറ്റിലേക്ക് ഒഴുക്കിത്തുടങ്ങി.

കല്ലടയാറിലെ ജലനിരപ്പ് 40 സെന്റിമീറ്റർ വരെ ഉയരാൻ സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

മഴക്കെടുതി മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾ

റൂമുകൾ തുറന്നു. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴിയും കൃഷി നാശനഷ്ഠങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷിക്കാം.

✪✪✪

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റടിക്കാൻ സാധ്യതയുള്ളതിനാൽ മീൻപിടുത്തക്കാർ കടലിൽ പോവരുതെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞതിനാൽ ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദേശമില്ല.

✪✪✪

കോഴിക്കോട് റീജിയണൽ പാസ്‌പോർട്ട് ഓഫീസിന്റെ പുതിയ മേധാവിയായി അരുൺമോഹൻ K ചുമതലയേറ്റു.

ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് 2014 ബാച്ച് ഉദ്യോഗസ്ഥനായ അദ്ദേഹം നേരത്തെ ന്യൂഡൽഹിയിലെ ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷനിൽ ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രസ് ഇൻഫർമേഷൻ ബ്യൂറോയിലും, പബ്ലിക്കേഷൻസ് ഡിവിഷനിലും, കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ മറ്റ് വകുപ്പുകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മെഡൽ വേട്ട തുടരുന്നു. പത്താം ദിവസമായ ഇന്നലെ 2 സ്വർണവും 2 വെള്ളിയും 5 വെങ്കലവും നേടിയ ഇന്ത്യ 15 സ്വർണവും 26 വെള്ളിയും 28 വെങ്കലവും ഉൾപ്പെടെ 69 മെഡലുകളുമായി നാലാം സ്ഥാനത്ത് തുടരുകയാണ്.

....ഡെസ്ക് റിപ്പോർട്ട് ....

(വോയ്സ്)

പുരുഷന്മാരുടെ 800 മീറ്റർ ഓട്ടത്തിൽ മലയാളി താരം മുഹമ്മദ് അഫ്സൽ വെള്ളി മെഡൽ കരസ്ഥമാക്കിയത് മലയാളികൾക്കാകെ അഭിമാനമായി. 1 മിനുറ്റും 48.43 സെക്കന്റുമെടുത്തതാണ് അഫ്സൽ ഫിനിഷിങ് ലൈൻ തോട്ടത്. 5,000 മീറ്റർ ഓട്ടത്തിലും ജാവലിൻ ത്രോയിലും സ്വർണ്ണം നേടിയതാണ് പത്താം ദിനത്തിലെ ഇന്ത്യയുടെ പ്രധാന നേട്ടങ്ങൾ. വനിതകളുടെ ജാവലിൻ ത്രോയിൽ 62.92 മീറ്റർ എറിഞ്ഞ് അന്നു റാണി സ്വർണ്ണം കരസ്ഥമാക്കിയപ്പോൾ 5000 മീറ്റർ ഹീറ്റ്സിൽ പാരുൾ ചൗധരിയും സ്വർണ്ണം നേടി. ആദ്യമായാണ് ഒരു ഇന്ത്യൻ താരം വനിതാ വിഭാഗം 5000 മീറ്ററിൽ ഒന്നാമതെത്തുന്നത്. 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ നേരത്തെ ചൗധരി വെള്ളി നേടിയിരുന്നു.

പുരുഷന്മാരുടെ ഡെക്കാത്ത്ലണിൽ തേജസ്വിൻ ശങ്കർ വെള്ളി സ്വന്തമാക്കി. പുരുഷന്മാരുടെ ട്രിപ്പിൾ ജംപിൽ പ്രവീണ് ചിത്രവേൽ, വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ

വിദ്യാരാംരാജ്, ബോക്സിംഗിൽ പ്രീതി പവാർ, നരേന്ദർ ബെർവാൾ എന്നിവർ വെങ്കലം കരസ്ഥമാക്കി.

തുഴച്ചിലിൽ പുരുഷന്മാരുടെ 1000 മീറ്റർ ഡബിൾസിൽ അർജുൻ സിംഗ്-സുനിൽ സിംഗ് സഖ്യം വെങ്കലം നേടി. 1994ന് ശേഷം ഏഷ്യൻ ഗെയിംസ് ചരിത്രത്തിൽ രാജ്യം നേടുന്ന രണ്ടാമത്തെ തുഴച്ചിൽ മെഡലാണിത്.

കബഡിയിൽ ബംഗ്ളാദേശിനെ തകർത്തതും ക്രിക്കറ്റിൽ നേപ്പാളിനെ തോൽപ്പിച്ച് സെമിയിൽ കടന്നതും വനിതാ വിഭാഗം 800 മീറ്റർ ഓട്ടം, പുരുഷ റിലേ, ഇരു വിഭാഗങ്ങളിലെയും അമ്പെയ്ത്ത് എന്നിവയിൽ ഫൈനലിൽ പ്രവേശിച്ചതും ഇന്നലെ ഇന്ത്യയുടെ പ്രധാന നേട്ടങ്ങളായി.

ജാവലിൻ ത്രോയിൽ ഇന്ത്യയുടെ സ്വർണ്ണ പ്രതീക്ഷയായ നീരജ് ചോപ്രയുടെ ഫൈനൽ ഇന്നാണ്.

പുരുഷ ഹോക്കിയിൽ ഇന്ത്യ, ദക്ഷിണ കൊറിയയ്ക്കെതിരെ ഇന്ന് ഗ്രൗണ്ടിലിറങ്ങും.

✪✪✪

ഏഷ്യൻ ഗെയിംസിൽ ഇന്നലെ സ്വർണം കരസ്ഥമാക്കിയ പാരുൾ ചൗധരി, അന്നു റാണി എന്നിവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ചൗധരിയുടെ പ്രകടനത്തെ വിസ്മയകരമെന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി ഭാവിയിൽ അവർക്ക് കൂടുതൽ ശോഭിക്കാനാവട്ടെ എന്നും ആശംസിച്ചു. ജാവലിൻ ഇനത്തിലെ അന്നു റാണിയുടെ മികച്ച പ്രകടനത്തിൽ തനിക്ക് അഭിമാനമുണ്ടെന്നും പ്രധാനമന്ത്രി

പറഞ്ഞു. വെള്ളി മെഡൽ നേടിയ തേജസ്വിൻ ശങ്കർ, വെങ്കല മെഡൽ ജേതാക്കളായ പ്രീതി പവാർ, നരേന്ദർ ബെർവാൾ എന്നിവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

ഗോത്ര വിദ്യാർത്ഥികൾക്കായി അഞ്ചു ദിവസത്തെ ചലച്ചിത്ര ശിൽപ്പശാല ഇന്ന് തിരുവനന്തപുരത്ത് ആരംഭിയ്ക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ.രാധാകൃഷ്ണൻ ഡെലിഗേറ്റ് കിറ്റിന്റെ വിതരണോദ്ഘാടനം നിർവഹിക്കും.

സംസ്ഥാന ചലച്ചിത്ര അക്കാദമി, പട്ടികജാതി- പട്ടികവർഗ പിന്നാക്കക്ഷേമ വകുപ്പിന്റെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്ന ശിൽപ്പശാലയിൽ സംസ്ഥാനത്തെ 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 75 വിദ്യാർത്ഥികൾ പങ്കെടുക്കും.

✪✪✪

അഭിലാഷ ബ്ലോക്ക് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് പരപ്പ ബ്ലോക്കിലെ വിവിധ മേഖലകളിൽ വികസനോന്മുഖ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

നിതി ആയോഗിന്റെ ഏഴ് ദിവസത്തെ സങ്കൽപ്പ് സപ്താഹിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സന്തുലിത് പരിവാർ എന്ന പേരിൽ ഇന്ന് പോഷണ മേള സംഘടിപ്പിക്കും.

✪✪✪